**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 690** **28-01-2026 - ൽ മറുപടിയ്ക്ക്**

**പട്ടാമ്പി മണ്ഡലത്തിലെ വൈദ്യുതി വകുപ്പ് പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | നടപ്പ സർക്കാരിന്റെ കാലയളവിൽ പട്ടാമ്പി മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് മുഖേന പൂർത്തിയായ പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; നിലവിൽ നടന്നുവരുന്ന പ്രവൃത്തികളുടെ നിർമ്മാണ പുരോഗതി അറിയിക്കാമോ; | (എ) | **കെ.എസ്.ഇ.ബി.എൽ.**<br>നടപ്പ സർക്കാരിന്റെ കാലയളവിൽ പട്ടാമ്പി നിയോജക മണ്ഡലത്തിൽ വൈദ്യുത വകുപ്പിന്റെ പ്രസരണ വിഭാഗത്തിൽ നടത്തിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1. പട്ടാമ്പി **110** കെ.വി. സബ്സ്റ്റേഷന്റെയും അനുബന്ധ ലൈനിന്റെയും നിർമ്മാണം പൂർത്തീകരിച്ചു.<br>2. **33** കെ.വി. മരുതൂർ സബ്സ്റ്റേഷനിൽ നിന്ന് **110** കെ.വി. പട്ടാമ്പി സബ്സ്റ്റേഷൻ വരെ **3.3** കി.മീ. **33** കെ.വി. യു.ജി കേബിൾ നിർമ്മാണം പൂർത്തീകരിച്ചു.<br>തിരുവേഗപ്പുറ **33** കെ.വി. സബ് സ്റ്റേഷനിൽ 5 എം.വി.എ. ട്രാൻസ്ഫോർമർ സ്ഥാപിച്ച് സബ്സ്റ്റേഷൻ കപ്പാസിറ്റി വർദ്ധിപ്പിച്ചു.<br>3. 33 കെ.വി. മരുതൂർ സബ് സ്റ്റേഷനിലെ നവീകരണ പ്രവൃത്തികൾ പൂർത്തീകരിച്ചു.<br>4. താഴെക്കോട് പ്രത്യേക 33 kV ഫീഡറിനായി 2.2 കിലോമീറ്റർ സിംഗിൾ സർക്യൂട്ടിനെ ഡബിൾ സർക്യൂട്ടാക്കി മാറ്റുന്ന പ്രവൃത്തി പൂർത്തീകരിച്ചു. കൊപ്പം **110** കെ.വി. സബ്സ്റ്റേഷനിൽ താഴേക്കാടിനായി പുതിയ ഫീഡർ ബേ നിർമ്മാണം പൂർത്തീകരിച്ചു.<br>പട്ടാമ്പി നിയോജക മണ്ഡലത്തിൽ സൗര ഫേസ് 1 പദ്ധതിയിൽ ഉൾപ്പെടുത്തി 55,30,935/- രൂപ ചിലവിൽ 129 kW സ്ഥാപിത ശേഷിയിൽ 7 പുരപ്പുറ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ ടി നിയോജക മണ്ഡലത്തിൽ വൈദ്യുതിവകുപ്പ് മുഖേന 2,23,120/- രൂപ ചെലവിൽ 8 പോൾ മൗണ്ടഡ് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്. |

ഈ സർക്കാരിന്റെ കാലയളവിൽ പട്ടാമ്പി മണ്ഡലത്തിൽ വിതരണവിഭാഗം കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ തനതു ഫണ്ട് ഉപയോഗിച്ച് (ദ്യുതി.2.0) 2021-26 കാലഘട്ടത്തിൽ 25.54 കോടി രൂപയുടെ വർക്കുകൾ പൂർത്തീകരിച്ചിട്ടുണ്ട്. ഏകദേശം 85 കിലോമീറ്റർ എച്ച്.റ്റി ലൈനും, 205 കിലോമീറ്റർ എൽ.റ്റി ലൈനും, 120 ഓളം ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും നിലവിലുള്ള ലൈനുകൾ ശക്തിപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ RDSS പദ്ധതിയിൽ ഉൾപ്പെടുത്തി 12.55കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്. അതിൽ 7.35 കി.മി. എച്ച്.റ്റി റീകണ്ടക്ടറിങ്ങും 98.193 കി.മി എൽ.റ്റി റീകണ്ടക്ടറിങ്ങും നിലവിലുള്ള ലൈനുകൾ ശക്തിപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

7.04 കോടി രൂപയുടെ (എച്ച്.റ്റി **&** എൽ**.**റ്റി റീകണ്ടക്ടറിങ്ങും നിലവിലുള്ള ലൈനുകൾ ശക്തിപ്പെടുത്തൽ) വർക്കുകൾ ഈ സാമ്പത്തിക വർഷം തന്നെ പൂർത്തീകരിക്കാനുണ്ട്**.**

**<u>അനെർട്ട്</u>**

നടപ്പു സർക്കാരിന്റെ കാലയളവിൽ പട്ടാമ്പി മണ്ഡലത്തിൽ അനെർട്ട് മുഖേന ആകെ **243** കിലോവാട്ട് ശേഷിയുള്ള സൗരോർജ്ജ നിലയങ്ങൾ സ്ഥാപിച്ചു**.** കൂടാതെ ആകെ **42** സൗരോർജ്ജ തെരുവിളക്കുകളും സ്ഥാപിച്ചു**.** വിശദാംശങ്ങൾ **അനുബന്ധമായി** ചേർക്കുന്നു**.**

കൃഷി ഭവൻ മുഖേന സൗജന്യ കാർഷിക വൈദ്യുതി കണക്ഷനുള്ള പമ്പുകൾ സൗരോജ്ജവൽക്കരിക്കുന്ന പദ്ധതിയായ പ്രധാനമന്ത്രി കുസും പദ്ധതി (PM KUSUM) അനെർട്ട് നടപ്പിലാക്കി വരുന്നു. ബെഞ്ച്മാർക്ക് തുകയുടെ 30% കേന്ദ്ര സബ്സിഡിയായി ഈ പദ്ധതിയിലൂടെ ലഭ്യമാകുന്നു. ബാക്കി വരുന്ന തുക (സംസ്ഥാന വിഹിതം + കർഷക വിഹിതം) നബാർഡ് (RIDF) ലോൺ വഴിയാണ് കണ്ടെത്തുന്നത്.

MNRE നിന്നും അനുമതി ലഭിച്ച 9348 പമ്പുകളാണ് സൗരോർജ്ജവൽക്കരിക്കുന്നത്. തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കാസർഗോഡ് എറണാകുളം എന്നീ ജില്ലകളിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. പാലക്കാട് ജില്ലയിലെ വിവിധ കൃഷിഭവനുകളുടെ കീഴിൽ കർഷകർക്ക് PM KUSUM പദ്ധതിയിലൂടെ പമ്പുകളുടെ സൗരോർജ്ജവൽക്കരണം നടപ്പിലാക്കിവരുന്നു. ഈ പദ്ധതിയുടെ ഭാഗമായി പട്ടാമ്പി മണ്ഡലത്തിന്റെ കീഴിൽ കൊപ്പം, വല്ലപ്പുഴ, പട്ടാമ്പി കൃഷി ഭവനുകളിൽ 26 പമ്പുകൾ

| | | | |
|---|---|---|---|
| | | | സൗരോർജ്ജവൽക്കരിക്കുവാൻ വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. ഇതിൽ 25 എണ്ണം നിർമ്മാണം പൂർത്തീകരിക്കുകയും, 24 എണ്ണം വൈദ്യുതി ശൃംഖലയുമായി ബന്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പട്ടാമ്പി മണ്ഡലത്തിൽ ഇനി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ? | (ബി) | **<u>കെ.എസ്.ഇ.ബി.എൽ.</u>**<br>പട്ടാമ്പി നിയോജക മണ്ഡലത്തിൽ വൈദ്യുത വകുപ്പിന്റെ പ്രസരണ വിഭാഗത്തിലും, വിതരണ വിഭാഗത്തിലും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>കൊപ്പം 110 കെ.വി. സബ്സ്റ്റേഷനിലെ **33** കെ.വി. യാർഡിന്റെ വിപുലീകരണം.<br>1. കൊപ്പം സബ്സ്റ്റേഷനിൽ 16 എം.വി.എ. 110/33 കെ.വി. ട്രാൻസ്ഫോർമർ, 12.5എം.വി.എ. 110/11 കെ.വി. ട്രാൻസ്ഫോർമർ എന്നിവ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു.<br>2. ദ്യുതി 2പദ്ധതി മുഖേന 2026-27 വർഷത്തിൽ 1,295.59 ലക്ഷം രൂപയുടെ വർക്കുകൾ (എച്ച്.റ്റി., എൽ.റ്റി., റീകണ്ടക്ടറിങ്, നിലവിലുള്ള ലൈനുകൾ ശക്തിപ്പെടുത്തൽ) നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.<br><br>**<u>അനെർട്ട്</u>**<br>വരും വർഷങ്ങളിലും കാർഷിക പമ്പുകൾ സൗരോർജ്ജവൽക്കരിക്കുന്ന പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

<u>പട്ടാമ്പി മണ്ഡലത്തിൽ ഈ സർക്കാരിന്റെ കാലയളവിൽ അനെർട്ട് മുഖേന സ്ഥാപിച്ച സൗരോർജ്ജ നിലയങ്ങളുടെയും, സൗരോർജ്ജ തെരുവിളക്കുകളുടെയും വിശദാംശങ്ങൾ</u>

| Sl. No. | Site Name | Type of Power Plant | Capacity |
|---|---|---|---|
| 1 | New Building of Govt. HSS Pattambi | Grid Connected SPV Power Plant | 10kWp |
| 2 | New building of Govt. High School Pattambi | Grid Connected SPV Power Plant | 20kWp |
| 3 | Pattambi Municipality office building, Palakkad | Grid Connected SPV Power Plant | 30kWp |
| 4 | Bus stand Pump House, Pattambi Municipality, Palakkad | Grid Connected SPV Power Plant | 60kWp |
| 5 | Taluk Head Quarters Hospital, Pattambi Municipality, Palakkad | Grid Connected SPV Power Plant | 83 kWp |
| 6 | Fish market building, Pattambi Municipality, Palakkad | Grid Connected SPV Power Plant | 24 kWp |
| 7 | Govt. UP School Pattambi Municipality, Palakkad | Grid Connected SPV Power Plant | 6 kWp |
| 8 | Govt. UP School Kizhayur, Pattambi Municipality, Palakkad | Grid Connected SPV Power Plant | 5 kWp |
| 9 | Govt. LP School Valloor, Pattambi Municipality, Palakkad | Grid Connected SPV Power Plant | 5 kWp |
| 10 | 30 Nos. of Model E (35W) Solar Street Lighting Systems at New Bypass Road Pattambi, | Solar Street Light | 30 nos 35W |
| 11 | 12No.s Model M (70W, 10400 lumen x 4 Nos) Solar Street Lighting Systems at 3 Municipal Grounds at Pattambi, Municipality | Solar Street Light | 12 nos (70W, 10400 lumen x 4 Nos) |